പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31-10-2013 വരെയുള്ള പെൻഷൻ ബാദ്ധ്യതയായി 12419 കോടി രൂപയെന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതും ആയതിൽ 11895 കോടി രൂപയ്ക്കുള്ള രണ്ട് കടപ്പത്രങ്ങൾ, കെ.എസ്.ഇ.ബി. ലിമിറ്റഡ് പെൻഷൻ ബാധ്യത നിറവേറ്റുന്നതിനുവേണ്ടി മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതാണ്. കടപ്പത്രത്തിന്റെ പലിശയും മുതലിന്റെ തിരിച്ചടവും ഉപയോഗിച്ച് പെൻഷൻ ബാദ്ധ്യത തീർക്കുന്നതാണ്. 1-11-2013 മുതലുള്ള പെൻഷൻ ബാദ്ധ്യത ആക്ച്യൂറിയൽ വാല്യേഷൻ നടത്തി ഓരോ വർഷവും മാസ്റ്റർ ട്രസ്റ്റിന് കൈമാറുന്നതാണ്. ഇതിനുപുറമേ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പെൻഷൻ ഫണ്ടിനു നൽകുന്നതാണ്.

കെ.എസ്.ഇ.ബി.-യിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

11 (378) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ആകെ ഒഴിവുകളുടെ എണ്ണം ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി.-യിലെ ഓരോ തസ്തികകളിലെയും അനുവദനീയ ജീവനക്കാരുടെ എണ്ണം, ഓരോ തസ്തികയിലും നിലവിൽ ജോലിനോക്കുന്ന ജീവനക്കാരുടെ എണ്ണം എന്നിവ പ്രത്യേകമായി ലഭ്യമാക്കുമോ ;

(സി) കെ.എസ്.ഇ.ബി.യിലെ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനും പ്രൊമോഷനുകൾ യഥാസമയം നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളും, പുരോഗതിയും അറിയിക്കുമോ ?

ഉത്തരം

(എ) 3586

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രൊമോഷനുകൾ, ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ സെലക്ട് ലിസ്റ്റിൽ നിന്നും നടത്തിവരുന്നു. പി.എസ്.സി. വഴി നിയമിക്കേണ്ട വിവിധ തസ്തികകളിലെ 943 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകഴിഞ്ഞു. യഥാസമയം പ്രൊമോഷനുകൾ നടത്തി മറ്റ് ഒഴിവുകളും നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly